(സി) & (ഡി) വനിതാ കായിക താരങ്ങൾക്ക് സ്പോർട്സ് കോട്ട നിയമന ത്തിൽ പ്രത്യേക സംവരണം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഒന്നും നിലവിലില്ല. സ്പോർട്സ് കോട്ട നിയമനത്തിന് കായിക രംഗത്തെ ഏറ്റവും മികച്ച നേട്ടം മാത്രം പരിഗണിക്കുന്നതിനേ വ്യവസ്ഥയുള്ളു.

കളിക്കാർക്ക് പരിശീലനത്തിന് സൗകര്യം ഏർപ്പെടുത്താൻ നടപടി

114 [3370] *ശ്രീ. പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പോലീസ് സ്റ്റേഡിയത്തിൽ ഇൻഡോർ ഗെയിമുകൾ (ടേബിൾ ടെന്നീസ് മുതലായവ) ഉടനെ തുടങ്ങുമെന്നും ഇവിടെ കളിക്കാർക്ക് പരിശീലനത്തിന് സൗകര്യം കൊടുക്കുമെന്നും ഉദ്ഘാടനവേളയിൽ ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചത് ബഹു. സ്പോർട്സ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാളിതുവരെയായിട്ടും ഇവിടെ കളിക്കാർക്ക് സൗകര്യം ഏർപ്പെടുത്താൻ ആയിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ പരിശീലനത്തിന് ഉടൻ സൗകര്യം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരത്ത് ടേബിൾ ടെന്നീസിന് സ്പോർട്സ് കൗൺസിൽ കോച്ച് ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2 കോച്ചുകൾ മാത്രമുള്ള (ടേബിൾ ടെന്നീസിൽ) കേരളത്തിൽ താൽക്കാലിക കോച്ചുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ടേബിൾ ടെന്നീസിലെ നാഷണൽ താരങ്ങൾ കൂടുതലുള്ള തിരുവനന്തപുരത്ത് ഇവർ സ്വന്തം ചെലവിൽ സൗകര്യം ഇല്ലാത്ത സ്ഥലത്ത് പരിശീലനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇവർക്ക് സർക്കാർ സ്ഥലവും കോച്ചിനെയും നൽകി പരിശീലനം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നതേയുള്ളു. ഇൻഡോർ ഗെയിമുകൾ നടത്തു ന്നതിന് സുസജ്ജമാക്കിയ ഗെയിം സെന്റർ തത്ത്വത്തിൽ തീരുമാനമായിട്ടുണ്ട്. അത് ഏത് ഗെയിം ആയിരിക്കണമെന്ന് സ്റ്റേഡിയം ചുമതലയും അധികാരവും അർപ്പിത മായിരിക്കുന്ന സൊസൈറ്റി ഗവേണിംഗ് ബോഡി സാമ്പത്തിക സ്ഥിതിക്കനുസരിച്ച് തീരുമാനമെടുക്കുന്നതാണ്.

(സി) രണ്ട് ടേബിൾ ടെന്നീസ് പരിശീലകരുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ഇ) & (എഫ്) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ശംഖുംമുഖത്തുള്ള ഇൻഡോർ റിക്രിയേഷൻ സെന്ററിൽ ടേബിൾ ടെന്നീസിൽ പരിശീലന സൗകര്യം നിലവിലുണ്ട്.

മത്സ്യകൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് നടപടി

115 [3371] *ശ്രീ. പി. ജയരാജൻ:*

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജല മത്സ്യകൃഷിക്ക് അനുയോജ്യമായ ജലാശയങ്ങളെക്കുറിച്ചും ഓരുജല പ്രദേശങ്ങളെക്കുറിച്ചും സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മത്സ്യകൃഷിക്ക് അനുയോജ്യമായ ഈ സ്ഥലങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ; നിലവിലുള്ള സ്ഥലങ്ങളുടെ എത്ര ശതമാനം മത്സ്യകൃഷിക്കായി പ്രയോജനപ്പെടുത്താൻ സാദ്ധ്യമായിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. 1991-ൽ അഡാക്ക്, ഓരുജല പ്രദേശങ്ങളെക്കുറിച്ചും 1997-98-ൽ സംസ്ഥാന മത്സ്യവകുപ്പ് ജനകീയ മത്സ്യകൃഷി നടപ്പാക്കുന്നതിന് ശുദ്ധജലാശയങ്ങളെക്കുറിച്ചും സർവ്വേ നടത്തുകയും ആയത് ഉൾക്കൊള്ളിച്ചുകൊണ്ട് പാൻഫിഷ് ബുക്ക് എന്ന പുസ്തകം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഓരുജലാശയങ്ങളെ സംബന്ധിച്ച വിവരം

ക്രമ നമ്പർ	*ജില്ലയുടെ പേര്*	*ഏരിയ (ഹെക്ടർ)*
1	കാസർഗോഡ്	3,248.25
2	കണ്ണൂർ	5,944.10
3	കോഴിക്കോട്	4,162.44
4	മലപ്പുറം	1,796.26
5	തൃശ്ശൂർ	4,271.94
6	എറണാകുളം	16,212.71

GPM. 2/609/2012—20

LIBRARY ARCHIVES Kerala Legislative Assembly